

ഹൈസ്കൂൾ

കൂട

പരീക്ഷണം



പ്രവർത്തനം 2

# കൂടുതൽ കടുകോ ഭൂമിയോ?

ഒരു ചെറു നാരങ്ങയുടെ വലുപ്പത്തിൽ എത്ര കടുകിനെ ഉൾക്കൊളിക്കാൻ പറ്റും? ഒന്നു ചെയ്തു നോക്കാം. ഒരു ഗ്ലാസ്സിൽ കുറച്ച് (ഏതാണ്ട് മൂന്നിലൊന്ന് ) വെള്ളമെടുക്കുക. ജലനിരപ്പ് ഗ്ലാസ്സിന് പുറത്ത് അടയാളപ്പെടുത്തുക.അതിൽ ഒരു ചെറു നാരങ്ങ ഇടുക. മുഴവൻ മുങ്ങുന്നില്ലെങ്കിൽ ഒര് ഈർക്കിലോ മറ്റോ കൊണ്ട് കുത്തിത്താഴ്ത്തി പുതിയ ജലനിരപ്പും അടയാളപ്പെടുത്തുക. ഇനി നാരങ്ങ മാറ്റി നോക്കു. പഴയ ജലനിരപ്പ് തന്നെയല്ലേ ? ഇല്ലെങ്കിൽ ഏതാനും തുള്ളി വെള്ളം ഒഴിച്ച് ജലനിരപ്പ് പുനസ്ഥാപിക്കണം. ഇനി കടുകുകൾ എണ്ണി





അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



ഹൈസ്കൂൾ



## കൂട

പരീക്ഷണം

## പ്രവർത്തനം 2

വെള്ളത്തിലേക്ക് ഇടുക. എത്ര കടുക് ഇട്ടാലാണ് രണ്ടാമത്തെ ജലനിരപ്പ് എത്തുക? അത്രയും കടുകിന്റെ വ്യാപ്തം നാരങ്ങയുടെ വ്യാപ്തത്തിന് തുല്യമായിരിക്കുമല്ലോ. ഇനി ഈ കണക്കൊന്നു കൂട്ടി നോക്കൂ. ഭൂമിയുടെ വ്യാസാർധത്തിന്റെ (radius ) 107 **ഇരട്ടിയാണ് സൂര്യന്റെ വ്യാസാർധം.**

**എങ്കിൽ സൂര്യൻ വ്യാപ്തത്തിൽ എത്ര ഭൂമിക്കു തുല്യമാണ്. എണ്ണത്തിൽ കൂടുതൽ കടുകോ ഭൂമിയോ?**



അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം